**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **25-10-2021 - ൽ മറുപടിയ്ക്ക്**

**കായികാധ്യാപക തസ്തികകൾ നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന യു.പി., എച്ച്.എസ്. സ്കൂളുകളിൽ നിലവിൽ എത്ര കായികാധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 1881 കായികാദ്ധ്യാപകർ സർക്കാർ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന യു.പി./എച്ച്.എസ് സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്കൂളുകളിൽ കായികാധ്യാപക തസ്തികകൾ നിർണയിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | യു.പി. സ്കൂളുകളിലും ഹൈസ്കൂൾ യു.പി വിഭാഗത്തിലും 500 കുട്ടികൾ ഉണ്ടെങ്കിൽ യു.പി.വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തിക, തസ്തിക നിർണ്ണയ പ്രകാരം അനുവദിക്കാവുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിൽ VIII ലും IX ലും തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ചിട്ടുള്ള ഡിവിഷനുകൾക്ക് ഒരോ പീരിയിഡ് വച്ച് ആകെ 5 പിരിയിഡുകൾ ലഭ്യമെങ്കിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ഗവൺമെന്റ് | | എയ്ഡഡ് | |
|---|---|---|---|---|
| | യു.പി. | എച്ച്.എസ് | യു.പി. | എച്ച്.എസ് |
| തിരുവനന്തപുരം | 12 | 65 | 12 | 63 |
| കൊല്ലം | 5 | 51 | 10 | 89 |
| പത്തനംതിട്ട | 0 | 9 | 1 | 14 |
| ആലപ്പുഴ | 1 | 27 | 7 | 91 |
| കോട്ടയം | 0 | 5 | 0 | 71 |
| ഇടുക്കി | 1 | 17 | 2 | 37 |
| എറണാകുളം | 6 | 15 | 24 | 97 |
| തൃശ്ശൂർ | 3 | 38 | 10 | 84 |
| പാലക്കാട് | 8 | 46 | 45 | 66 |
| മലപ്പുറം | 25 | 78 | 97 | 85 |
| കോഴിക്കോട് | 12 | 62 | 66 | 92 |
| വയനാട് | 3 | 38 | 9 | 22 |
| കണ്ണൂർ | 3 | 71 | 27 | 68 |
| കാസറഗോഡ് | 2 | 65 | 0 | 24 |
| **ആകെ** | **81** | **587** | **310** | **903** |

സെക്ഷൻ ഓഫീസർ